# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2387

### 08-03-2017 ൽ മറുപടിക്ക്

**കിഫ്ബിയിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീ. ഡോ.ടി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ പരിഗണിക്കപ്പെടേണ്ട പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടായിരിക്കണം എന്ന് മാർഗനിർദ്ദേശം ഉണ്ടോ; | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. 08.08.2016 ലെ സ.ഉ. (കൈ) നം. 315/16/ധന ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ പ്രകാരം ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുള്ള പദ്ധതികൾ കിഫ്ബി മുഖേന പരിഗണിക്കുന്നതല്ല. |
| (ബി) പശ്ചിമ കൊച്ചിയിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലെ ഏക റോഡായ തോപ്പുംപടി-ഇടക്കൊച്ചി റോഡിന് സമാന്തരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും വർഷങ്ങളായി കോർപ്പറേഷൻ പണിതു കൊണ്ടിരിക്കുന്നതുമായ നാല്പത് അടി റോഡും (40 ഫീറ്റ് റോഡും), 60 വർഷം | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളാണ് കിഫ്ബി വഴി നിലവിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പശ്ചിമ കൊച്ചിയിലെ നാല്പത് അടി റോഡും (40 ഫീറ്റ് റോഡും), 60 വർഷം പഴക്കമുള്ള അത്രർ പാലത്തിന് സമാന്തരമായപാലവും 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതല്ല. മാത്രവുമല്ല ടി പദ്ധതികൾക്ക് കിഫ്ബി |

| | |
|---|---|
| പഴക്കമുള്ള അരൂർ പാലത്തിന് സമാന്തരമായി പാലവും കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കുമോ; എങ്കിൽ സ്വീകരിക്കേണ്ട നടപടി എന്തെന്ന് വ്യക്തമാക്കാമോ? | വഴി സാമ്പത്തിക സഹായം നൽകണമെന്ന ബഹു. മന്ത്രിസഭാ യോഗം തീരുമാനവും എടുത്തിട്ടില്ല. ആയതിനാൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടികയിൽ ടി പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 08.08.2016 ലെ സ.ഉ. (കൈ) നം. 315/16/ധന ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ സമർപ്പിച്ച് അവ ബോർഡ് അംഗീകരിക്കുന്ന പക്ഷം കിഫ്ബി ധനസഹായം ലഭിക്കുന്നതാണ്. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്.<br>**1)** വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള ഭരണാനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.<br>**2)** പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ **SPV(സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)** യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് **SPV** എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വികളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് |

| | |
|---|---|
| | അനുയോജ്യമായ **SPV** യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.<br>3) എസ്.പി.വികൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal(RFP) തയ്യാറാക്കുക എന്നത് എസ്.പി.വികളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വികൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ, ഭരണാനുമതി, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് (CBA) തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.<br>4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**